# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

## ജി. എച്ച്. എസ്. പാച്ചേനി



# ജി. എച്ച്. എസ്. പാച്ചേനി
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസമേഖലയിൽ പുതിയ ഒരു ഉണർവ് സൃഷ്ടിച്ചിരിക്കുന്നു. വിദ്യാഭ്യാസ നിലവാരം ഉയർത്താനുള്ള ആസൂത്രിതമായ അക്കാദമിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയാൽ മാത്രമേ അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസം എന്ന ലക്ഷ്യം സാക്ഷത്കരിക്കാനാകു. മനുഷ്യൻ ഒരു സമൂഹ ജീവിയാണ് സാമൂഹിക വികസന പ്രക്രിയയുടെ അടിസ്ഥാന ഘടകങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസമുള്ള ഒരു തലമുറയ്ക്ക് മാത്രമേ രാഷ്ട്രപുരോഗതിയിൽ പങ്കാളികളാകാൻ ആവുകയുള്ളൂ. നമ്മുടെ കുട്ടികളാണ് നാളത്തെ രാഷ്ട്രത്തിന്റെ അടിത്തറ അറിവും മനോഭാവവും നൈപുണികളും മൂല്യങ്ങളും ആർജ്ജിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കേരളത്തിന്റെ തനിമയും സാംസ്കാരിക പാരമ്പര്യവും ഉൾക്കൊള്ളുന്ന സമൂഹത്തെ വാർത്തെടുക്കാൻ പൊതു വിദ്യാലയങ്ങളെ ശാക്തീകരിക്കേണ്ടതുണ്ട്. അതിനോടൊപ്പം തന്നെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുകയും വേണം. നമ്മുടെ വിദ്യാലയത്തിനെയും ഇതേ രീതിയിൽ മാറ്റിയെടുക്കേണ്ടതുണ്ട്.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പരിയാരം ഗ്രാമപഞ്ചായത്തിലെ 3-ാം വാർഡായ പാച്ചേനിയിലെ വിദ്യാലയമാണ് ജി. എച്ച്. എസ്. പാച്ചേനി. ഏകാധ്യാപക വിദ്യാലമായിരുന്ന ഈ സ്ഥാപനം 1954ൽ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ എൽ. പി സ്കൂളായി മാറി. പിന്നീട് യു.പി സ്കൂളായും ഹൈസ്കൂൾ ആയും മാറി. കണ്ണൂർ ജില്ലയിലെ മികച്ച ഒരു വിദ്യാലയമായ നമ്മുടെ ഈ സ്ഥാപനത്തിനെ കേരളത്തിലെ തന്നെ മികച്ച ഒരു വിദ്യാലയമായി മാറ്റിയെടുക്കേണ്ടതുണ്ട്. അതിനായി നമുക്ക് എല്ലാവർക്കും ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റിയെടുക്കാൻ ഒത്തൊരുമിച്ച് പ്രവർത്തിക്കാം

GHS PACHENI

**മേഖല: എൽ പി. മലയാളം STD 1**

**<u>വാർഷിക ലക്ഷ്യങ്ങൾ</u>**

- ചെറു സദസിനു മുമ്പാകെ സങ്കോചമില്ലാതെ തൻറെ അനുഭവങ്ങൾ ആശയങ്ങൾ ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും ലഘു ബാലസാഹിത്യ കഥകൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി വിവരണം സംഭാഷണം എന്നീ രൂപങ്ങളിൽ പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.
- ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക.
- ഓരോ കുട്ടിയുടെയും പഠന തെളിവുകൾ അടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക.

- **ജൂൺ മാസ പ്രവർത്തനങ്ങൾ**

- പൂർണ്ണ പങ്കാളിത്തമുള്ള ക്ലാസ് പിടിഎ
- വായനോത്സവവും, കഥാ വേളയും
- ഒന്നൊരുക്കം സന്നദ്ധത പ്രവർത്തനങ്ങൾ
- വായന കാർഡുകൾ
- സംയുക്ത വിലയിരുത്തൽ.

GHS PACHENI

**മേഖല: എൽ പി. ENGLISH  STD 1**

## OBJECTIVES AND LEARNING OUTCOMES

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with rhythm and action
- Familiarise the names of birds, animals, their young ones and identifies them from pictures.

**JUNE**
- Introduce symbol words.
- Provides pictures cards

**JULY**
- Identify familiar words.
- Say familiar words
- Read familiar words
- Write familiar words

**AUGUST**
- Enjoy songs and sings them with rhythm and action.
- Describes orally about pictures and objects using adjectives

**SEPTEMBER**
- Read and write simple words and sentences.
- Provides picture cards and reading cards.

**OCTOBER**
- Introduce symbol picture descriptions
- Make word chain, a sentence chain.
- Make riddles
- Describing words. Riming words.

GHS PACHENI

- Text book activities

**NOVEMBER**

- Prepare reading cards
- Provide more opportunities to read, right, and speak English.
- Write five English words daily

**DECEMBER**

- Read and understand instruction in the classroom
- Encourage digital reading

**JANUARY**

- Read and understand instructions in the classroom.
- Encourage digital reading

**JANUARY**

- Enjoy songs and sings them with rhythm and action.
- Make picture albums
- Collect pictures of animals and its young ones.

**FEBRUARY**

- Provide the opportunity to express myself in the classroom.
- English assembly once in a week

**MARCH**

- Speaks English fluently
- Read and write simple sentences
- Picture reading and picture description

GHS PACHENI

## മേഖല: എൽ പി. മലയാളം STD 2

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല സർഗാത്മക മേഖല വൈകാരിക മേഖല എന്നീ മേഖലയിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

**<u>പ്രവർത്തന ലക്ഷ്യങ്ങൾ</u>**

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവർ ആക്കുക.
- സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

**<u>മുന്നൊരുക്കം</u>**

- ➢ പ്രീ ടെസ്റ്റ് നടത്തുന്നു എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.
- ➢ കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിനുള്ള അവസരം ഉണ്ടാക്കുന്നു.

GHSPACHENI

**ജൂൺ**

- ചിത്രകാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരം ഒരുക്കൽ
- വായനാ സാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ രൂപീകരിക്കൽ

**ജൂലൈ**

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു
- സ്കൂൾ ലൈബ്രറി ക്ലാസ്സ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.
- ക്ലാസ്സ് ലൈബ്രറി പ്രവർത്തനക്ഷമമാക്കുന്നു

**ആഗസ്റ്റ്**

- വീട്ടു ലൈബ്രറി ഒരുക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ
- ചിത്രവിവരണം
- വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കൽ

**സെപ്റ്റംബർ**

- വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങൾ ആക്കൽ
- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഉണ്ടാക്കൽ
- വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ കഥാരംഗങ്ങൾക്ക് രംഗആവിഷ്കാരം ചെയ്യൽ

GHS PACHENI

## മേഖല: എൽ പി. ENGLISH STD. 2

**Aim:** To speak, read, write, English without any mistakes

**Time** : June, July, August

**June: Present**

To develop listening skills and reading skills first

- **Listening skills**

  Games, action songs, Hello English activities, conversation, skit, stories, use ICT

- **Speaking Skills**

  Descriptions, growing Sentences, picture reading self introduction, assembly activities, speech, book reviews, riddles, quiz etc...

- **July and August**

  Reading Skills

  Newspaper reading, library book reading, book review reading, breaking news, find words, rhyming words, describing words etc...

- **Writing Skills**

  Make a word web, picture description, word chain, sentence chain, conversation, make Riddle, add more lines, develop a story, description diary, magazine, announcement.

GHS PACHENI

**മേഖല: എൽ പി. മലയാളം STD 3**

## ആമുഖം

നമ്മുടെ വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റാനുള്ള ശ്രമത്തിന്റെ ഭാഗമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് അഭൂദ പൂർവ്വമായ ഉണർവ് സൃഷ്ടിക്കുകയുണ്ടായി ഒരു കുട്ടി അക്കാദമികതലത്തിൽ എന്തൊക്കെ ശേഷികൾ കൈവരിക്കേണ്ടതുണ്ട് എന്ന് ഘട്ടം ഘട്ടമായി ഈ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

**ലക്ഷ്യം**

- അക്ഷരതെറ്റുകളില്ലാത്ത ക്ലാസ് നിലവാരത്തിനനുസരിച്ചുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- മൂന്നാം ക്ലാസിലെ എല്ലാ കുട്ടികൾക്കും സന്ദർഭത്തിനനുസരിച്ച് സ്വയം ആശയങ്ങൾ എഴുതാനും അവതരിപ്പിക്കാനുള്ള ശേഷി നേടുക
- ആശയ ഗ്രഹണ വായന ഉറപ്പാക്കുക
- വ്യക്തിഗതമായ രചനകൾ ഏർപ്പെടുക
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് കവിത എഴുതുകയും ചൊല്ലുകയും ചെയ്യുക
- ഭാഷാ വ്യവഹാര രൂപങ്ങൾ സ്വയം നിർമ്മിക്കുക
- ചിത്ര വായനയും ലഘുവിവരണം എഴുത്തും
- കലകൾ തിരിച്ചറിയുക താരതമ്യം വ്യത്യാസം സാമ്യം എന്നിവ കണ്ടെത്തൽ

GHS PACHENI

| Sl. No | മാസം | പ്രവർത്തനങ്ങൾ |
|---|---|---|
| 1. | ജൂൺ | ○ ചിത്ര കാർഡുകൾ നൽകൽ<br>○ ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ<br>○ വായനാ സാമഗ്രികൾ നൽകൽ<br>○ വായനയും എഴുത്തും വികസിപ്പിച്ചെടുക്കുന്നതിന് വേണ്ടി അവസരം ഉറപ്പിക്കുന്നു ദിനാചരണങ്ങളുമായി ബന്ധപ്പെട്ട എഴുത്തിനും വായനയ്ക്കും അവസരം നൽകുന്നു. |
| 2. | ജൂലൈ | ○ ക്ലാസ് ലൈബ്രറി സ്കൂൾ ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു<br>○ ഭാഷയുമായി ബന്ധപ്പെട്ട ഐസിടി സാധ്യതയും ഉറപ്പുവരുത്തുന്നു |
| 3. | ആഗസ്ത് | ○ ക്ലാസ്സ് ലൈബ്രറി പ്രവർത്തന സജ്ജമാക്കുന്നു<br>○ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>○ ചിത്രവിവരണം<br>○ ലഘുക്കുറിപ്പുകൾ തയ്യാറാക്കൽ<br>○ പിടിഎ |
| 4. | സെപ്റ്റംബർ | ○ കഥയിൽ നിന്ന് സംഭാഷണം തയ്യാറാക്കൽ<br>○ ചോദ്യങ്ങൾ തയ്യാറാക്കൽ<br>○ കഥ കവിതരംഗാവിഷ്കാരം ചെയ്യൽ |
| 5. | ഒക്ടോബർ | ○ കേട്ടതോ വായിച്ചതോ ആയ കഥ, സംഭാഷണം എന്നിവ സ്വന്തം ഭാഷയിൽ എഴുതുക<br>○ കഥകവിത സ്വയം നിർമ്മിക്കൽ<br>○ കൂട്ടിച്ചേർക്കൽ<br>○ വിധതരത്തിലുള്ള പതിപ്പൊരുക്കൽ |
| 6. | നവംബർ | ○ കുട്ടികളിൽ സർഗാത്മക പ്രവണത വളർത്തൽ<br>○ സി പി ടി എ വിളിക്കൽ |
| 7. | ഡിസംബർ | ○ വിവിധ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കൽ |
| 8. | ജനുവരി | ○ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>○ സ്വയം ഭാഷാ വ്യവഹാര രൂപങ്ങൾ നിർമ്മിക്കൽ<br>○ പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾ |
| 9. | ഫെബ്രുവരി, മർച്ച് | ○ സർഗാത്മകഥയെ പരിപോഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br>○ സ്വയം വിലയിരുത്തൽ അതായത് സ്വന്തം കയ്യെഴുത്ത് മാസിക, തയ്യാറാക്കൽ പ്രവർത്തനം |

## മേഖല: എൽ പി. ENGLISH STD 3

## AIM

To speak, Read & write English without any mistakes.

| Sl. No. | Period/ Time | Activities |
|---|---|---|
| 1. | June | Pre test:<br>To check the vocabulary and writing skills of pupils |
| 2. | June - July | To develop the listening skills & writing skills of pupils<br>Listening Skills:<br>• Games, Action song, Hello English activities<br>• Conversations, Skit, Stories, use ICT<br>Speaking Skills:<br>• Identify the naming word from the pictures<br>• Identify the action words from the pictures<br>• To make a simple sentence using the action word and naming words about the pictures<br>• Make a symbol description of the pictures<br>• Growing sentences, picture reading, self-introduction, and assembly are also conducted. Speech, book review |
| 3. | August and September | To develop the creative speaking and writing<br>Reading Skills:<br>• Newspaper reading, library book reading, book review, reading breaking news<br>• Fine Words<br>• Collect and read past tense<br>• Rhyming words<br>• Describing words etc.<br>• Textbook activities<br>Writing skills:<br>• Make a word web<br>• Picture, description with describing words<br>• Word chain sentence chain<br>• Make words & Sentences<br>• Make riddles, conversations, and add more lines<br>• Speech, book, review, quiz, riddles, self-introduction, school radio, make description & magazine, etc. |

GHS PACHENI

## AIM

To express thought, feeling etc.

| Sl. No. | Period/ Time | Activities |
|---|---|---|
| 1. | October - November | • Newspaper reading, library books reading, book review reading<br>• Conversations, skit, stories, use ICT material<br>• Develop Story<br>• Read Notice<br>Writing Skills:<br>• Thought<br>• Notice proclamation<br>• Description<br>• Speech, quiz, school radio, and Makes magazine |

## AIM

To develop the creative speaking and writing.

| Sl. No. | Period/ Time | Activities |
|---|---|---|
| 1. | December - January | • Read diary<br>• Read letters from friends<br>• Diary<br>• Letter<br>• Announcement<br>• School Radio<br>• Classroom, post office, understanding everything |

## AIM

To improve the presentation power

| Sl. No. | Period/ Time | Activities |
|---|---|---|
| 1. | February - March | • Diary<br>• Conversations<br>• Thoughts<br>• Skits presentations<br>• Conducted exhibitions<br>• Speech competition |

## മേഖല: എൽ പി. പരിസര പഠനം STD 3

**ലക്ഷ്യം 1 :** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക, ശാസ്താ വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ<br>ഒക്ടോബർ | <u>**പ്രകൃതി നടത്തം**</u><br>○ ചുറ്റുപാടുമുള്ള ജീവജലാശയങ്ങളെ നിരീക്ഷിക്കാം<br>○ പ്രത്യേകതകൾ മനസ്സിലാക്കാം<br>○ വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം<br>○ ജീവികളുടെ പരസ്പരാശ്രയത്വം ചർച്ച<br>○ നമുക്ക് ചുറ്റുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം ഫീൽഡ് ട്രിപ്പ്<br>○ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം<br>○ ചർച്ച ശരിയും തെറ്റും |
| 2. | ജൂൺ മാർച്ച് | <u>**പൂന്തോട്ടം ഒരുക്കാം**</u><br>○ സ്കൂളിലും വീട്ടിലും പൂന്തോട്ടം പരിപാലനം |
| 3. | | <u>**ഒരു തൈ നടാം**</u><br>○ പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നടൽ പരിപാലനം<br>○ പോസ്റ്റർ നിർമ്മാണം<br>○ പ്രകൃതി സംരക്ഷണം പോസ്റ്റർ പതിക്കൽ കിളികൾക്ക് ദാഹജലം നൽകൽ |

**ലക്ഷ്യം 2 :** കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ<br>ഒക്ടോബർ | <u>**ദിന കൃത്യങ്ങൾ ചർച്ച**</u><br>○ വ്യക്തി ശുചിത്വം ഗ്രൂപ്പ് ചർച്ച<br>○ നിരീക്ഷണ ഗ്രൂപ്പ് |
| 2. | ജൂലൈ മാർച്ച് | <u>**നല്ല ശീലം**</u><br>○ പോസ്റ്റർ നിർമ്മാണം<br>○ പോസ്റ്റർ പരിസരങ്ങളിൽ പതിക്കൽ |

GHSPACHENI

**ലക്ഷ്യം 3 :** ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തൽ

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജനുവരി<br>മാർച്ച് | <u>**ഫീൽഡ് ട്രിപ്പ്**</u><br>○ നമ്മുടെ നാടിനെ, പരിസ്ഥിതിയെ അടുത്തറിയൽ (കുളം, വയൽ, കാട്) |
| 2. | ഡിസംബർ<br>ഫെബ്രുവരി | പരീക്ഷണങ്ങൾ ശാസ്ത്ര കൗതുക പരീക്ഷണങ്ങൾ നടത്തുന്നു<br><u>**ശാസ്ത്രജ്ഞനോടൊപ്പം**</u><br>○ ക്യാമ്പ്<br>○ മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു |
| 3. | ജനുവരി<br>മാർച്ച് | <u>**പക്ഷി നിരീക്ഷണം**</u><br>○ പ്രകൃതി നടത്തം ക്യാമ്പ് |

GHS PACHENI

**മേഖല: എൽ പി. ഗണിതം STD 3**

## ആമുഖം

ഗണിത പഠനം കൂടുതൽ രസകരവും ആസ്വാദകരവും ആനന്ദപൂർണ്ണമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടു കൊണ്ടാണ് ഉല്ലാസ ഗണിതം പദ്ധതി മുന്നോട്ടുവന്നത് ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക പ്ലാൻ

**ലക്ഷ്യം 1** : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ ആയിരം വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | **1. നറുക്കെടുക്കാം**<br>സഖ്യകൾഎഴുതിയ നറുക്കു കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ കുട്ടി വായിക്കുന്നു മറ്റുള്ളവർ സംഖ്യ എഴുതുന്നു<br>**2. പത്ത് ചങ്ങാതിമാർ**<br>○ സംഖ്യ നറുക്കെടുക്കുന്നു<br>○ കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്ന് വരുന്ന പത്ത് സംഖ്യകൾ എഴുതാൻ അവസരം നൽകുന്നു |
| 2. | ജൂൺ സെപ്റ്റംബർ | **പാറ്റേൺ പൂർത്തിയാക്കാം**<br>○ വിവിധ സംഖ്യ പാറ്റേണുകൾ പൂർത്തിയാക്കാൻ പ്രവർത്തനം നൽകുന്നു |
| 3. | ജൂൺ ആഗസ്ത് | **ക്രമത്തിൽ ആക്കാം**<br>○ വ്യത്യസ്ത സംഖ്യകൾ നൽകുന്നു ആരോഹണ ക്രമം അവരോഹണ ക്രമംഎഴുതുക |

**ലക്ഷ്യം 2** : മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക സംഖ്യ നാലക്ക സംഖ്യ എന്നിങ്ങനെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂൺ | **കൂട്ടങ്ങൾ ആക്കാം**<br>○ ഇഷ്ടമുള്ള മൂന്നക്ക സംഖ്യകൾ എഴുതുക<br>○ കളി നോട്ട് ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000, ന്റെ കൂട്ടങ്ങൾ ആക്കി മാറ്റാം<br><br>**സംഖ്യാ സൂര്യൻ**<br>○ ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം |

GHSPACHENI

| | | |
|---|---|---|
| | | ○ ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു |
| 2. | ജൂൺ സെപ്റ്റംബർ | **ക്രമീകരിക്കാം**<br>○ സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>○ അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യകൾ നിർമ്മിക്കാം<br>○ ഐസിടി പ്രവർത്തനം ഉൾപ്പെടുത്തുക |

**ലക്ഷ്യം 3 :** മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1. | ജൂലൈ<br>ഫെബ്രുവരി | **ഭാഗ്യവാന്മാരെ കണ്ടെത്താം**<br>○ അധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു. വിവിധ ക്രിയകൾ അടങ്ങിയ നെറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു<br>○ ക്രിയ ചെയ്യാം<br>○ ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം |
| 2. | ആഗസ്ത്<br>ഫെബ്രുവരി | **ജോഡി കണ്ടെത്താം**<br>○ വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു<br>○ കുട്ടികൾക്ക് സംഖ്യ നിറപ്പുകൾ തെരഞ്ഞെടുക്കാൻ അവസരം<br>○ നൽകുന്നു കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് കൃതിയുടെയും ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം |
| 3. | ജൂലൈ മാർച്ച് | **സംഖ്യാ ചക്രം**<br>○ സംഖ്യാ ചക്രം കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു<br>○ അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം |

GHSPACHENI

**മേഖല: എൽ പി. ഗണിതം STD 4**

**ലക്ഷ്യം :** നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും ഗണിതത്തിലും പരിസര പഠനത്തിലും സമഗ്രവും ആസ്വാദകരവുമായ പഠനം ഉറപ്പാക്കുക.

**പൊതുതതങ്ങൾ**

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയും ഉള്ള പഠനം
- സർഗാത്മകതയും സ്വയം പഠനത്തിനും പ്രാധാന്യം
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക

**ഭാഷ പഠനം:**

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ടു കൊണ്ടുവരൽ | ലക്ഷ്യം നേടുന്നത് വരെ | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ ഫണ്ട് |
| • ആവശ്യമായ പഠന സാമഗ്രികൾ ഒരിക്കൽ<br>• വായിക്കാം വളരാം<br>• ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം, വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>• എഴുതാം തെളിയാം<br>• ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | വായന ശേഷി വളർത്തൽ<br><br>എഴുത്ത് പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ<br><br>പ്രതിമാസം വർഷം മുഴുവൻ | HM, SRG, ക്ലാസ്സ് ടീച്ചർ<br>CPTA<br><br>SRG, ക്ലാസ്സ് ടീച്ചർ | പി ടി എ<br><br>പി ടി എ |
| എഴുത്തുകാരുമായി സമ്പാദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | |

GHS PACHENI

| | | | | |
|---|---|---|---|---|
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിലൂടെ നടൽ | ആവശ്യാനുസരണം | ക്ലാസ്സ് ടീച്ചർ | പി ടി എ |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | | |
| **രുചി അറിയാം**<br>ഭക്ഷ്യമേള പാചക കുറിപ്പ് അടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിൽ ഒരു സദ്യ | നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിൽ ഒന്ന് | SRG,<br>ക്ലാസ്സ് ടീച്ചർ,<br>പി ടി എ | |
| ഓർക്കാം അഭിമാനിക്കാം | ഓർമ്മ ദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG,<br>ക്ലാസ്സ് ടീച്ചർ,<br>പി ടി എ | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | വർഷത്തിൽ ഒന്ന് | HM,<br>SRG,<br>CPTA<br>ക്ലാസ്സ് ടീച്ചർ | പി ടി എ |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്<br><br>ഭാഷാപരമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ<br><br>സർഗോത്സവം കലാവതരണം | | വർഷത്തിലൊരിക്കൽ | SRG,<br>CPTA<br>ക്ലാസ്സ് ടീച്ചർ | പി ടി എ |

GHS PACHENI

## ഇംഗ്ലീഷ് ഭാഷ പഠനം:

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അസ്സംബ്ലി ചേരൽ<br>ഇംഗ്ലീഷ് ഡയറി<br>നിത്യവും വീട്ടിലും വിദ്യാലയ ത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറി കുറിപ്പായി എഴുതൽ | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ്സ് ടീച്ചർ | |
| ഇംഗ്ലീഷ് പഠനഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ,SKIT, DRAMA, CONVE RSATION, STORRY TELLING | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത രചന ശേഷി വികസനം | മൂന്ന് മാസത്തിൽ ഒരിക്കൽ | HM, ക്ലാസ്സ് ടീച്ചർ, | ക്ലാസ്സ് ടീച്ചർ |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിടപാടു കൾ നടത്ത ൽ | | മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച് പുസ്തകങ്ങ ൾ വായനാമൂല ഒരുക്കൽ,വായന കുറിപ്പ് | | | | |

GHS PACHENI

# കളിക്കാം ഗണിക്കാം ഗണിത പഠനം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ, നടപ്പാക്കൽ. | ഗണിത പഠനം രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൾ | വർഷം മുഴുവൻ | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഏണിയും പാമ്പും, ഡൈസ് കളി, സങ്കലനം വ്യവകലനം | | | | |
| ഒറിഗാമി രൂപങ്ങളുടെ നിർമാണം, പ്രദർശനം | ഗണിതശാസ്ത്ര പഠനം രസകരമാക്കൽ കര ചലനശേഷിവികാസം | വർഷത്തിലൊരിക്കൽ | ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഗണിത ലാബ് | ഗണിത പഠനം സുധാര്യമാക്കൽ | വർഷം മുഴുവൻ | HM, SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| ഗണിത ചുമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ്സ് ടീച്ചർ | |
| പഠനോപകരണ ശില്പശാല | ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| പഠനോപകരണ നിർമാണം, ശില്പശാല, പ്രദർശനം, ഗണിതമേള | ഗണിതശേഷികളുടെ പ്രകടനം | വർഷത്തിൽ ഒന്ന് | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |

GHS PACHENI

## അറിയാം അടുത്തറിയാം EVS

| പ്രവർത്തനങ്ങൾ | ലക്ഷ്യം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM, CPTA | പി ടി എ, രക്ഷിതാക്കൾ |
| ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ ശാസ്ത്രം മൂല | ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ | വർഷം മുഴുവൻ | HM, SRG,ക്ലാസ്സ് ടീച്ചർ | പി ടി എ |
| ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | ആവശ്യാനുസരണം | HM, SRG, CPTA ക്ലാസ്സ് ടീച്ചർ | പി ടി എ |
| ശാസ്ത്ര യാത്ര | | | | |
| സയൻസ് പാർക്ക് ശാസ്ത്ര പ്രദർശനങ്ങൾ ഫോക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | | | | |
| ഭൂപടം ഒരുക്കാം | ഭൂപടവായന സൂചിക പരിചയപ്പെടൽ കളങ്ങൾ ഉപയോഗിക്കൽ | വർഷത്തിൽ ഒന്ന് | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| കേരളം ഇന്ത്യ ഭൂപടം വായന | | | SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്രപഠന രസകരമാക്കൽ | ആവശ്യാനുസരണം | HM, SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |
| ശാസ്ത്രവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവർ പ്രദർശിപ്പിക്കൽ | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗം | വർഷത്തിലൊരിക്കൽ | | |
| ശാസ്ത്ര മാസിക | അറിവുകളുടെ രചന | വർഷത്തിൽ ഒന്ന് | HM, SRG, ക്ലാസ്സ് ടീച്ചർ | പി ടി എ |

GHS PACHENI

## മേഖല: എൽ പി. അറബിക്

### ആമുഖം

ഒന്നാം ക്ലാസ് മുതൽ നാലാം ക്ലാസ് വരെ Listening, Speaking, Reading, Writing എന്നീ നാല് ഭാഷാ ശേഷികളിൽ പ്രാഥമികവും ലളിതവുമായ ഒരു അടിത്തറ ഉണ്ടാക്കാൻ കുട്ടികൾക്ക് ആവശ്യമായ ആസൂത്രണങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ രൂപപ്പെടുത്തിയിട്ടുള്ളത്.

ഭാഷ സ്വതന്ത്രമായി ഉപയോഗിച്ചാൽ അതുവഴി കുട്ടികളിൽ ആത്മവിശ്വാസം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭാഷ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുക എന്നതും പ്രധാനമാണ്.

ഭാഷ പഠനത്തിൽ ആർജിതശേഷികൾ കൈവരിക്കുന്നതിനും അറബി ഭാഷാപഠനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനാണ് ഈ മാസ്റ്റർപ്ലാൻ ഊന്നൽ നൽകിയിട്ടുള്ളത്.

GHSPACHENI

# എൽ പി. അറബിക് STD 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയുമായി പരിചയം ഉണ്ടാക്കുകയും ഇഷ്ടം ജനിപ്പിക്കുകയും സംസാരിക്കാനുള്ള താല്പര്യമുണ്ടാക്കുകയും ചെയ്യുക. | • ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക.<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക.<br>• ദൃശ്യ കഥകൾ പ്രദർശിപ്പിക്കുക.<br>• ലാംഗേജ് ഗെയിംസ് | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| അക്ഷര രൂപ വ്യത്യാസം മനസ്സിലാക്കുക | • അക്ഷര വായന<br>• ക്ലാസ് വായന<br>• ചിത്രവായന<br>• വീട്ടുവായന അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വിവിധതരം കളികൾ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| തെറ്റ് കൂടാതെ അക്ഷരങ്ങൾ വായിക്കാനുള്ള കഴിവും എല്ലാ അക്ഷരങ്ങളും ചിഹ്നങ്ങളോടുകൂടി എഴുതാനുള്ള കഴിവും വളർത്തുക, ലളിതമായ പദങ്ങൾ സ്വന്തമായി എഴുതാനുള്ള കഴിവ് ഉണ്ടാക്കുക. | • ഇ - വായന<br>• പദങ്ങൾ കൂട്ടി എഴുതാൻ പരിശീലിപ്പിക്കുക<br>• അക്ഷരക്കാർഡ് നിർമ്മാണം | ജൂൺ-മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |

GHS PACHENI

## LP അറബിക് STD - 2

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം വളർത്തിയെടുക്കുക. | • E-Text ഉപയോഗിച്ച് അതിനുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ്<br>• ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുക<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ-മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| ലളിതമായ വാക്യങ്ങൾ വായിക്കാൻ പ്രാപ്തരാക്കുക | • ലൈബ്രറി വായന<br>• ചിത്രവായന<br>• വീട്ടുവായന<br>• ക്ലാസ് വായന<br>• വായന മത്സരങ്ങൾ | ജൂൺ-മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| സ്വതന്ത്രമായി വായിക്കാനുള്ള കഴിവ് നേടുക ചെറുവാക്യങ്ങൾ എഴുതാനുള്ള കഴിവുകൾ വളർത്തിയെടുക്കുക | • വിശേഷ ദിവസങ്ങളിൽ വായനാ മത്സരങ്ങൾ നടത്തുക<br>• ഇ വായന | ജൂൺ-മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |

GHS PACHENI

## LP അറബിക് STD - 3

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലളിതമായ രീതി യിൽ അറബിയിൽ ആശയ വിനിമയം നടത്താനുള്ള കഴിവ് ഉണ്ടാക്കുക. | • ഈ ടെക്സ്റ്റ് ഉപയോഗിച്ച് അതിനുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗ്വേജ് ഗെയിംസ് | ജൂൺ മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| സ്വന്തമായ വായനയ്ക്ക് പ്രാപ്തരാക്കൽ | • ദിവസവും പുതിയ പദങ്ങൾ പരിചയപ്പെടുത്തുന്നു<br>• സ്കിറ്റുകളുടെ അവതരണം | ജൂൺ മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| വാക്യങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷിവള ർത്തിയെടുക്കുക | • ചിത്രങ്ങൾ കൊടുത്ത വിവരണം തയ്യാറാക്കൽ മത്സരം നടത്തുന്നു.<br>• സംഭാഷണം തയ്യാറാക്കൽ മത്സരം സംഘടിപ്പിക്കുന്നു | ജൂൺ മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപിക PTA |
| ഒരു ദിനം ഒരു അറിവ് പദ്ധതി | • വാട്സ്ആപ്പ് ഗ്രൂപ്പിലൂടെ സ്കൂൾ പ്രവർത്തി ദിവസ ങ്ങളിൽ ചോദ്യവും ഉത്തരവും നൽകുന്നു | ജൂൺ മാർച്ച് | അധ്യാപിക അറബിക് ക്ലബ്ബ് | അധ്യാപികPTA |

GHS PACHENI

## LP അറബിക് STD - 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിത്യജീവിതത്തിൽ അറബിയിൽ ആശയവിനിമയത്തിനുള്ള ശേഷി വളർത്തിയെടുക്കുക. | • സംഭാഷണങ്ങൾ കേൾപ്പിക്കുക<br>• ക്ലാസ്സിൽ അറബി സംഭാഷണം അധികരിപ്പിക്കുക<br>• കാർട്ടൂൺ പ്രദർശനം<br>• ലാംഗേജ് ഗെയിംസ്<br>• പ്രസംഗ മത്സരം<br>• അറബിക് അസംബ്ലി | ജൂൺ മാർച്ച് | അധ്യാപിക<br>അറബിക് ക്ലബ്ബ് | അധ്യാപിക<br>PTA |
| സ്വതന്ത്ര വായന പ്രോത്സാഹിപ്പിക്കുക പൊതു വിജ്ഞാനം വർദ്ധിപ്പിക്കുക | • ലൈബ്രറി വായന<br>• ചിത്രകഥ വായന<br>• വീട്ടുവായന<br>• വായനാ മത്സരങ്ങൾ<br>• ഇ വായന | ജൂൺ മാർച്ച് | അധ്യാപിക<br>അറബിക് ക്ലബ്ബ് | അധ്യാപിക<br>PTA |
| ഒരു പദം വ്യത്യസ്ത ഭാഷയിൽ പഠിക്കുക | • ഒരു വസ്തുവിന്റെ പേര് അറബി ഉൾപ്പെട്ട വ്യത്യസ്ത ഭാഷകളിൽ ബോർഡിൽ പ്രദർശിപ്പിക്കുക | ജൂൺ മാർച്ച് | അധ്യാപിക<br>അറബിക് ക്ലബ്ബ് | അധ്യാപിക<br>PTA |

GHS PACHENI

## മേഖല: യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്തനും പഠിതാക്കളെ പ്രാപ്തരാക്കുക | **<u>എന്റെ അവധിക്കാലം</u> പഠിതാക്കൾ** അവരുടെ അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br><br>**<u>ഭാഷാകേളി</u>**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br><br>**<u>വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്</u>**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമാണം. | ജൂൺ മാസം<br><br>ജൂൺ മാസം<br><br>ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | |
| 2. പഠിതാവിന്റെ അർത്ഥ പൂർണ്ണമായ വായന ഉറപ്പു വരുത്തുക. | **<u>വാർത്താ ലോകത്തേക്ക്</u>**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണ ശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br><br>**<u>വാർത്താവായന</u>**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും<br><br>പ്രതിമാസം<br><br>വർഷത്തിൽ മൂന്ന് പ്രാവിശ്യം | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ് | മലയാളം ക്ലബ് |

GHSPACHENI

| | | | | |
|---|---|---|---|---|
| 3. സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക.<br><br>4. മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **<u>സംവാദം/ മുഖാമുഖം</u>**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുടെ അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br><br>**<u>ഇ കംപ്യൂട്ടറിംഗ്</u>**<br>മുഴുവൻ കുട്ടികളെയും മലയലളം കമ്പ്യുട്ടറിങ് പരിശീലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br><br>മുഴുവൻ പഠിതാക്കളെയും സർഗാത്മക രചനകൾ ഉൾകൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യറാക്കുന്നു. | വർഷത്തിൽ മൂന്ന് പ്രാവിശ്യം<br><br>രണ്ട് വർഷം<br><br>വർഷാവസാനം | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ<br><br>മലയാളം ഐ. ടി അധ്യാപകർ<br><br>മലയാളം അധ്യാപകർ | പി. ടി. എ.<br><br>മലയാളം ക്ലബ് |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ<br><br>6. കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ്. എം. അവതാരണ മികവ് | **<u>രംഗാവിഷ്കാരം</u>**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസ്സംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു.<br><br>സെന്റ് മേരീസ് എഫ്. എം. വിശേഷദിനങ്ങളും ദിനാചരങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചത്തിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതിപ്പിക്കുന്നു. | അക്കാദമിക വർഷം<br><br>തുടക്കത്തിൽ ആഴ്ചയിൽ പിന്നീട് എല്ലാ ദിവസവും | പി. ടി. എ സ്കൂൾ<br><br>ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ മലയാളം അധ്യാപകർ | പി. ടി. എ<br><br>വിവിധ ക്ലബുകൾ |

GHS PACHENI

## മേഖല: യു. പി. സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിൻറെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | • കലിയിൽനിന്ന് കാര്യത്തിലേക്ക്<br>• അറിവ് പരിശോധന കളികളിലൂടെ<br>• ഓർമച്ചെപ്പ്.<br>• ICT സാധ്യതകളും കൂടി ഉപയോഗിച്ച് Memory test നടത്തുന്നു<br>• GK ക്വിസ് | ജൂൺ | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | • ICT സാധ്യത ഉപയോഗിച്ച് വീഡിയോ പ്രദർശനം<br>• Vritual Filed Trip | അക്കാദമിക വർഷം | ss അധ്യാപകർ | |
| ജനാതിപത്യ രാജ്യമായ ജീവിത സമീപനം രൂപപ്പെടുത്തുക | • ജനാതിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നതിനായ ക്ലാസ് ലീഡർ തിരഞ്ഞെടുപ്പ്<br>• ഗ്രാമസഭയിൽ പങ്കെടുപ്പിക്കൽ<br>• വിവിധ തെരെഞ്ഞെടുപ്പ് വിവിധ ഘട്ടങ്ങൾ ICT സാധ്യത ഉപയോഗിച്ച് | അക്കാദമിക വർഷം | ss അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രേഖാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾ - ചിത്രങ്ങൾ ശേഖരിക്കൽ - ആൽബം, ചുമർ പത്രിക തയ്യാറാക്കൽ.<br>• ബോധവത്കരണ ക്ലാസുകൾ.<br>• വീഡിയോ പ്രദർശനം | അക്കാദമിക വർഷം | ss അധ്യാപകർ | |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാപ്പിക്കുന്നു. | • മിതവ്യയ ശീലം<br>• ദുരന്തബാധിതരെ സഹായിക്കൽ<br>• പ്രദേശം സന്ദർശനം<br>• സേവനം ചെയ്യൽ | അക്കാദമിക വർഷം | | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | • പരിസ്ഥിതി പ്രശ്നങ്ങൾ - ചർച്ച<br>• കാവുകൾ, കണ്ടൽക്കാടുകൾ തുടങ്ങിയവ സന്ദർശിക്കുന്നു.<br>• അഭിമുഖം - സർവ്വേ<br>• റിപ്പോർട്ട് തയ്യാറാക്കൽ | അക്കാദമിക വർഷം | | |

GHS PACHENI

| | | | | |
|---|---|---|---|---|
| | • പോസ്റ്റർ നിർമാണം | | | |
| വിവരസാങ്കേതിക വിദ്യ യുടെ ദുരു പയോഗങ്ങളെ ക്കുറിച്ചും ക്രിമിനൽ പ്രവ ർത്തനങ്ങളെ കുറിച്ചും ബോധവാന്മാരാക്കുന്നു. | • ബോധവൽക്കരണ ക്ലാസുകൾ<br>• വീഡിയോ പ്രദർശനം | അക്കാദമിക വർഷം | | |

GHS PACHENI

## മേഖല : യു. പി. അടിസ്ഥാന ശാസ്ത്രം

| പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയാളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
